**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലത്തെഴുത്താശാന്മാർക്കും ആശാട്ടിമാർക്കുമുള്ള (കുടിപ്പള്ളികൂടം) പ്രതിമാസ ഗ്രാന്റ് - നിലവിലുള്ള ഗ്രാന്റ് തുക 500/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ.) നം. **3481**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 15.12.2012.

---

പരാമർശം:-

1) 10.03.1998-ലെ സ.ഉ.(സാധാ.) നം. 623/98/ത.സ്വ.ഭ.വ.
2) 09.06.2008-ലെ സ.ഉ.(സാധാ.) നം. 1662/08/ത.സ്വ.ഭ.വ.
3) പഞ്ചായത്ത് ഡയറക്ടറുടെ 31.10.11-ലെ ജെ4-8697/09 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

നിലത്തെഴുത്താശാന്മാരുടെ ഗ്രാന്റ് 200/- രൂപയായി വർദ്ധിപ്പിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലെയും അംഗീകൃത നിലത്തെഴുത്താശാന്മാർക്ക് നൽകുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും പരാമർശം (2) ലെ ഉത്തരവിൽ അനുമതി നൽകിയിരുന്നു.

നിലത്തെഴുത്താശാന്മാർക്ക് / ആശാട്ടിമാർക്ക് (കുടിപ്പള്ളിക്കൂടം) നൽകി വരുന്ന പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് ബന്ധപ്പെട്ട വിവിധ സംഘടനകൾ ആവശ്യം ഉന്നയിച്ച സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ അംഗീകൃത നിലത്തെഴുത്താശാന്മാർക്കും ആശാട്ടിമാർക്കും (കുടിപ്പള്ളിക്കൂടം) നൽകി വരുന്ന **പ്രതിമാസ ഗ്രാന്റ് 200/- രൂപയിൽ നിന്നും 500/- (അഞ്ഞൂറ് രൂപ) രൂപയായി വർദ്ധിപ്പിച്ചും** ടി ഗ്രാന്റ് അതത് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടിൽ നിന്നും നൽകേണ്ടതാണെന്ന് വ്യക്തമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
} പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
തദ്ദേശസ്വയംഭരണ (ഇ.പി.എ / ഇ.യു. / ഇ.ആർ.എ.) വകുപ്പുകൾക്ക്. (മേൽനടപടിയിലേയ്ക്കായി).
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.